ആലപ്പുഴ ജില്ലയിലേക്ക് വ്യാപിപ്പിക്കുകയുണ്ടായി. 2012-13 ബഡ്ജറ്റിൽ 108 ആംബുലൻസ് സംവിധാനം കേരളത്തിലാകെ വ്യാപിപ്പിക്കുവാനായി 40 കോടി രൂപ വകയിരുത്തിയിരുന്നു. അതിൻപ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിലേയ്ക്കും ടി സേവനം വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

108 ആംബുലൻസുകൾ

101 (2379) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര 108 ആംബുലൻസുകളാണ് നിലവിലുള്ളത്; ഇതിൽ എത്ര എണ്ണം നിലവിൽ ഓടുന്നുണ്ട്; ആലപ്പുഴ ജില്ലയിൽ ഏതൊക്കെ ആശുപത്രികൾക്കാണ് ആംബുലൻസ് അനുവദിച്ചിട്ടുള്ളത്;

(ബി) 108 ആംബുലൻസുകളിൽ ജോലി നോക്കുന്ന ഡ്രൈവർമാർക്കും നഴ്സിങ് അസിസ്റ്റന്റിനും വേതനം കൃത്യമായി നൽകുന്നുണ്ടോ; ഇവർക്കുള്ള വേതനം എന്നുവരെയാണ് നൽകിയിട്ടുള്ളത്; ഇവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ചേർത്തലയിൽ നിന്നും 108 ആംബുലൻസുകൾ കോട്ടയം മെഡിക്കൽ കോളേജിലേക്കും എറണാകുളം ജനറൽ ആശുപത്രിയിലേക്കും പോകുന്നതിനുള്ള പ്രത്യേക അനുമതി നൽകുമോ?

ഉത്തരം

(എ) നിലവിൽ കേരളത്തിൽ 43 (നാല്പത്തി മൂന്ന്) 108 ആംബുലൻസുകൾ ഉള്ളതിൽ 34 എണ്ണം പ്രവർത്തനക്ഷമമാണ്. ആലപ്പുഴ ജില്ലയിലെ താഴെപ്പറയുന്ന ആശുപത്രികൾക്കാണ് 108 ആംബുലൻസ് അനുവദിച്ചിട്ടുള്ളത്.

1. ഹരിപ്പാട് താലൂക്ക് ആശുപത്രി
2. നൂറനാട് ലെപ്രസി സാനിട്ടോറിയം
3. സി.എച്ച്.സി., എടത്വാ
4. സി.എച്ച്.സി., തുക്കുന്നപ്പുഴ
5. യു.എച്ച്.റ്റി.സി., അമ്പലപ്പുഴ

GPM. 2/236/2020-26

LIBRARY ARCHIVES Kerala Legislative Assembly

6. ജില്ലാ ആശുപത്രി, മാവേലിക്കര
7. ചെങ്ങന്നൂർ താലൂക്ക് ആശുപത്രി
8. സി.എച്ച്.സി., മാന്നാർ
9. ചേർത്തല താലൂക്ക് ആശുപത്രി
10. ആലപ്പുഴ ജനറൽ ആശുപത്രി
11. സി.എച്ച്.സി., വെളിയനാട്
12. തുറവൂർ താലൂക്ക് ആശുപത്രി
13. സി.എച്ച്.സി., അരൂക്കുറ്റി
14. സി.എച്ച്.സി., മുഹമ്മ
15. പി.എച്ച്.സി., മാരാരിക്കുളം
16. സി.എച്ച്.സി., ചമ്പക്കുളം
17. കായംകുളം താലൂക്ക് ആശുപത്രി
18. പി.എച്ച്.സി., മുതുകുളം

(ബി) 108 ആംബുലൻസുകളിൽ ജോലി നോക്കുന്ന ഡ്രൈവർമാർക്കും നഴ്സിംഗ് അസിസ്റ്റന്റുമാർക്കും കൃത്യമായി വേതനം നൽകുന്നുണ്ട്. ഇവർക്ക് 2016 ജനുവരി മാസം വരെയുള്ള ശമ്പളം നൽകിക്കഴിഞ്ഞു. ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ആലപ്പുഴ ജില്ലയിൽ അത്യാഹിതങ്ങളിൽപ്പെടുന്നവരെ അടുത്തുള്ള സർക്കാർ ആശുപത്രികളിലോ അല്ലെങ്കിൽ അപകടത്തിന്റെ ഗൗരവം പരിഗണിച്ച് ആലപ്പുഴ മെഡിക്കൽ കോളേജിലോ എത്തിക്കുന്നതിനാണ് 108 ആംബുലൻസ് സർവ്വീസ് ഉപയോഗിക്കുന്നത്. ആലപ്പുഴ മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ ആവശ്യപ്രകാരം മാത്രമേ സാധാരണയായി, ആലപ്പുഴ ജില്ല വിട്ട് മറ്റ് ജില്ലകളിലെ ആശുപത്രികളിലേക്ക് രോഗികളെ എത്തിക്കാറുള്ളൂ. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 108 ആംബുലൻസ് പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly